# അമേരിക്കൻ കഥകൾ

## മിനികഥകൾ                പതിനാല്                ജോയിക്കുട്ടി,

അന്നച്ചി, ഇന്ന് ആദ്യമായി ജോയിച്ചൻ പുതുകുളത്തിന് ജന്മദിനാശംസകൾ നേർന്ന് കൊണ്ടാണ് കഥ പറയാൻ തുടങ്ങുന്നത്. ഏറെ വൈകി; എന്നാൽ അധികമായില്ല. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്ന അപൂർവ്വം ചില വ്യക്തികളിൽ ഒരാൾ.

സ്വന്തം കുടുംബത്തിലെ തന്നെ കഥയുമായാണ് പുറപ്പാട്. അന്നച്ചിയുടെ ഏറ്റവും ഇളയ ആങ്ങള; പൊന്നച്ചൻ. അവർ താമസിക്കുന്നിടത്ത് പല പൊന്നച്ചന്മാരുണ്ട്. ഇത് പൊന്നമ്മ പൊന്നച്ചൻ; വേറെയുള്ളത് മറിയാമ്മ പൊന്നച്ചൻ, കുഞ്ഞമ്മ പൊന്നച്ചൻ, കുഞ്ഞൂഞ്ഞമ്മ പൊന്നച്ചൻ, ചെല്ലമ്മ പൊന്നച്ചൻ.

അന്നച്ചി ജോലിക്കു പോയ് ആദ്യ അവധിക്ക് നാട്ടിൽ ചെന്നപ്പോൾ അവളുടെ അമ്മ അവൾക്കു കൊടുത്ത സമ്മാനം. അതുകൊണ്ട് ആ അവധിക്കാലം മുഴുവനും ആ പൊന്നുപോലെയുള്ള കുഞ്ഞിനെ കളിപ്പിച്ചും കുളിപ്പിച്ചും പരിലാളനകൾ നൽകി കഴിച്ചു. അന്നച്ചി ആ പൊന്നുപോലുള്ള കുഞ്ഞിനെ പൊന്നേ, മോനേ, പൊന്നുമോനെ എന്നെല്ലാം വിളിച്ച് അവളാണ് അവന് പൊന്നച്ചൻ എന്ന് പേരിട്ടത്. അഷ്ടിക്കു വകയില്ലാതെ കഷ്ടിച്ചു കഴിയുന്ന നേരത്ത്, അന്നച്ചിയുടെ സഹായം കൊണ്ട് കഴിയുമ്പോളാണ് ഈ പുത്രോല്പാദനം. ധാരാളമുള്ള കാലത്തായിരുന്നെങ്കിൽ ഇത് ഒരു പുത്രി ആയ് തീരുമായിരുനെന്ന് അവൾ തന്നെ പലവുരു കഥിച്ചതാണ് ഇക്കഥ. "എന്റെ മോൾ കിട്ടുന്നതെല്ലാം എനിക്കയച്ചു തന്നിട്ട് അരകൊണ്ട് ജീവിക്കുമെന്ന് എന്റെ അപ്പൻ പറയുമെന്നും അവൾ തന്റെ കഥാകഥനത്തിൽ ചേർത്തു വെക്കുമായിരുന്നു.

എന്തായാലും അന്നച്ചിക്ക് പൊന്നച്ചനോട് കൂടുതൽ സ്നേഹമാണെന്ന കാര്യം സഹോദരങ്ങൾക്കെല്ലാം അറിവുള്ളതാണ്. കൃഷിയും മറ്റുമായി കഴിഞ്ഞരുന്ന അവന് ധനസഹായം ചെയ്ത് ഒരു ചെറിയ കടയുമെല്ലാം ഇട്ട് ഒരു ചെറിയ മുതലാളീ എന്ന് നാട്ടുകാർ പറയുന്ന നിലയിൽ എത്തിച്ചു. ഇതിനിടയിൽ അവനെ പഠിക്കാനായി കേരളത്തിന് വെളിയിൽ വിട്ടു. നാട്ടിലെ വീടിന്റെ തൊട്ടയൽപക്കത്തുള്ള കേമിയായ പൊന്നമ്മ ചാക്കിട്ട് പിടിച്ച് ഒരു കൊച്ചു മോനുമായ് നാട്ടിൽ വന്നപ്പോളാണ് വീട്ടുകാരു പോലും അറിയുന്നത്. നേഴ്സാണെന്നു പറഞ്ഞാണ് കൂടിയത്. അണ്ടിയോടടുത്തപ്പോൾ മാങ്ങായുടെ പുളി അറിഞ്ഞു; അവൾ വെറും മിഡ്വൈഫാണ്. എന്നിട്ടും അവൾ സമ്മതിക്കത്തില്ലായിരുന്നു; അന്നച്ചി നാട്ടിൽ വന്നപ്പോൾ പൂച്ചു തെളിഞ്ഞു. ആദ്യത്തേത് ആണായത് അവളുടെ മിടുക്കും കഴിവും കൊണ്ടാണെന്ന് അവൾ വീമ്പെളക്കിയിരുന്നു. അന്നച്ചി കാര്യാകാര്യങ്ങൾ വിശദമായി പറഞ്ഞു കഴിഞ്ഞപ്പോൾ അവക്കു മനസ്സിലായി: അത് പാവം പൊന്നച്ചന്റെ സദ്ഗുണം കൊണ്ടാണെന്ന്.

അന്നച്ചി പറഞ്ഞത് ശരിയാണോയെന്ന് പരീക്ഷിക്കാൻ കേമി തയാറായി. പണ്ടേ ദുബ്ബല പിന്നെ ഗർഭിണി എന്നതു പോലെ ആയിരുന്ന ചെറുപ്പക്കാരനായ പൊന്നച്ചൻ. ഉന്തിന്റെ കൂടെ തള്ള്; രാപകലില്ലാതെ അവർ രണ്ടു പേരും കാമകേളികളിൽ വ്യാപൃതരായ്. കാലം തികഞ്ഞപ്പോൾ ഇതാ വരുന്നു തങ്കം പോലൊരു പെങ്കൊച്ച്; തങ്കമ്മ. മക്കളുടെ രണ്ടു പേരുടേയും നാമം പൊന്നമ്മയാണ് ചെയ്തത്. അങ്ങിനെ മക്കോസും, തങ്കമ്മയുമായി. അപ്പോൾ പൊന്നച്ചനും പൊന്നമ്മയ്ക്കും അവരുടെ സഹോദരങ്ങൾ ആണും പെണ്ണുമായ് ജനിച്ചതെങ്ങിനെ എന്ന് ബോദ്ധ്യമായി. തങ്കമ്മയെ പെറ്റിട്ട് മൂന്നു മാസം കഴിഞ്ഞപ്പോൾ പൊന്നമ്മ പേഷ്യക്കു പോയ്. ഇത് രണ്ടാമത്തെ പ്രാവശ്യമാണ് അവൾ പോകുന്നത്. അങ്ങിനെ അവൾ കഷ്ടപ്പെട്ടുണ്ടാക്കിയ കാശുകൊണ്ടാണ് പൊന്നച്ചൻ മുതലാളി ആയതെന്നാണ് അവളുടെ ഭാഷ. സത്യം അന്നച്ചിയുടെ സഹായമെന്നത് പൊന്നച്ചനറിയാം. അവൾ അറബികളുടെ കൂടെ കിടന്ന് കാശുണ്ടാക്കി എന്ന് നാട്ടുകാർ. പൊന്നച്ചന്റെ സ്വന്തം ജേഷ്ഠന്റെ കുടുംബത്തിന്റടുത്തായതുകൊണ്ട് മക്കളെ ജേഷ്ഠത്തി പരിപാലിച്ചു.

അന്നച്ചി അമേരിക്കയിൽ വന്ന് സൂക്ഷം അഞ്ചു വഷം കഴിഞ്ഞപ്പോൾ അമേരിക്കൻ സിറ്റിസണ്ണായി. ഉടനെ തന്നെ പൊന്നച്ചനേയും കുടുംബത്തേയും അമേരിക്കയിൽ വരുത്താൻ വേണ്ട കടലാസു പണികൾ തുടങ്ങി. എന്നാൽ ഈ വിവരം മറ്റാരേയും അറിയിക്കാതെ വളരെ രഹസ്യമാക്കി വെച്ചു. ആരെങ്കിലും എന്തെങ്കിലും പാര പണിതാൽ സംഗതി എല്ലാം കുളമാകാൻ സാദ്ധ്യത ഉണ്ട്. പൊന്നച്ചന്റെ അമിതമായ ആഗ്രഹം കൊണ്ടു മാത്രമാണ് അന്നച്ചി അതിന് നിബ്ബന്ധിതയായത്. നാട്ടിൽ സുഖമായ് കഴിയുന്ന അവനെ യാതൊരു കാരണവശാലും അമേരിക്കയിൽ വന്ന് കഷ്ടപ്പെടുത്തരുതെന്ന് അന്നച്ചിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. അമേരിക്കയിൽ വന്നാലുള്ള കഷ്ടപ്പാടുകൾ എല്ലാം അവനെ പറഞ്ഞു മനസ്സിലാക്കി. കൂടാതെ തീട്ടം കോരുന്നതുൾപ്പെടെ എന്തു പണിയും ചെയ്യേണ്ടി വരുമെന്നും പറഞ്ഞു മനസ്സിലാക്കിയിരുന്നു.

അങ്ങിനെ രണ്ടു കുഞ്ഞുങ്ങളുമായി അവർ അമേരിക്കയിൽ എത്തി. അതും നല്ല തണുപ്പു കാലത്ത്. കൂടാതെ മഞ്ഞുകാലത്ത്. മഞ്ഞെന്ന് കടലാസിൽ കണ്ടവർ നേരിട്ട് വിവരം മനസ്സിലാക്കി. ഏതാനം ദിവസങ്ങൾക്കകം മക്കൾക്ക് ഓരോരുത്തക്കായി അസുഖം പിടിപെട്ടു. അപ്പോഴാണ് അവക്ക് മനസ്സിലാകുന്നത് അമേരിക്കയിൽ താമസിക്കുന്നവക്ക് മെഡിക്കൽ ഇൻഷറൻസില്ലാതെ ജീവിക്കാൻ പ്രയാസമാണെന്ന കാര്യം. ആദ്യമാദ്യം നാട്ടു മരുന്നുകൾ പ്രയോഗിച്ചെങ്കിലും ഫലം കണ്ടില്ല. പിന്നെ അന്നച്ചിയുടെ പരിചയക്കാരൻ ഒരു ഇന്ത്യൻ ഡോക്ടരുടെ അടുക്കൽ പോകേണ്ടി വന്നു. പൊന്നമ്മയെ കണ്ടപ്പോൾ സ്വല്പം വിട്ടു വീഴ്ച ചെയ്തു കൊടുത്തു. തൽഫലമായി പൊന്നമ്മയ്ക്ക് ടെമ്പററി ആയ് അവിടെ ഒരു ജോലി തരപെട്ടു. അധികം താമസിയാതെ അയാൾ പൊന്നമ്മയുടെ രുചി അറിഞ്ഞു. ആജാനബാഹുവായ അയാളുടേത് ആനയുടെ അഞ്ചാം കാൽ പോലെ. അത്രയും പ്രായമുള്ള അയാൾ ചെറുപ്പക്കാർ തോറ്റു പോകും. ഓരോ ആഴ്ച കൂടുമ്പോൾ ശമ്പളം ഒരു തുക കിട്ടും.. ഇത് കമ്പിനിക്കു മോശമെന്നു മനസ്സിലാക്കി സർട്ടിഫൈട് നേഴ്സാകാനുള്ള പഠനത്തിന് തുടങ്ങി. പെട്ടന്ന് പൊന്നച്ചന് ജോലി കിട്ടി; ഒരു റസ്റ്ററന്റിൽ രാത്രി പണി. വൈകിട്ട് ഏഴു മുതൽ കാലത്ത് ഏഴു വെരെ. പാത്രം കഴുകലും അടുക്കളയിൽ സഹായവും. അന്നച്ചിയുടെ ഭത്താവ് ജോസഫ് അച്ചായനാണ് തരപ്പെടുത്തിയത്. അന്നച്ചി ഇത്രയും പ്രായമായെങ്കിലും ഇപ്പോഴും ഫുൾടൈം ജോലി ചെയ്യുന്നു. ജോസഫച്ചായൻ കാലത്ത് പൊന്നച്ചനെ ജോലിയിൽ നിന്ന് കൊണ്ടു വന്നിട്ട് ഉടനെ തന്നെ പൊന്നമ്മയെ ജോലിക്കു കൊണ്ടു പോകും. വൈകിട്ടും അതുപോലെ. ഇതിനിടയിൽ മക്കളെ രണ്ടുപേരേയും പള്ളിക്കൂടത്തിൽ കൊണ്ടു പോകുകയും കൊണ്ടു വരികയും ചെയ്യും. ആയിടയ്ക്ക് അന്നച്ചിക്ക് രാത്രി ജോലി ആയി. അന്നു രാത്രി ജോസഫച്ചായൻ പൊന്നമ്മയെ രുചിച്ചറിഞ്ഞു. ഇത്രയും ഞങ്ങൾക്കു വേണ്ടി കഷ്ടപ്പെടുന്ന അച്ചായനോട് വല്ലതും പറയാൻ പറ്റുമോ? അവൾ അതിന്റെ മുതലെടുത്തു: പൊന്നച്ചനും അവൾക്കും പഴയതാണെങ്കിലും ഓരോ കാർ അച്ചായനിൽ നിന്നും വസൂലാക്കി.